**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1458** **08-12-2022 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടം കൂടുതൽ മികവോടെ മുന്നോട്ടുകൊണ്ടു പോകുന്നതിന് പഠന ചട്ടക്കൂട് നവീകരിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാഠ്യപദ്ധതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (എ) | നടപടി എടുത്തിട്ടുണ്ട്. |
| (ബി) | പാഠ്യപദ്ധതി പരിഷ്കരണം ഭാവിതലമുറയുടെ ഭാഗധേയം നിർണ്ണയിക്കുന്ന പ്രവർത്തനമായതിനാൽ വിദ്യാഭ്യാസ വിചക്ഷണൻമാർക്കും ഉണഭോക്താക്കളായ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (ബി) | ഉറപ്പ് വരുത്തിയിട്ടുണ്ട്. പാഠ്യപദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്കൂൾ തലത്തിൽ എല്ലാ രക്ഷകർത്താക്കൾക്കും അഭിപ്രായം രേഖപ്പെടുത്താനുള്ള അവസരം ഉണ്ട്. കൂടാതെ കുട്ടികളുടെ പ്രത്യേകമായ ചർച്ചകളും നടത്തി ഓരോ കുട്ടിയ്ക്കും തന്റെ അഭിപ്രായവും പ്രതീക്ഷകളും പങ്കുവയ്ക്കുന്നതിനുള്ള അവസരവും ഇതിലൂടെ ലഭ്യമായി. |
| (സി) | പാഠ്യപദ്ധതി പരിഷ്കരണത്തിൽ പൊതുജനങ്ങളുടെ അഭിപ്രായം അറിയിക്കാനും അവ പരിശോധിക്കാനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം വിശദമാക്കുമോ? | (സി) | പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സമൂഹത്തിലെ മുഴുവൻ ജനങ്ങളുടെയും അഭിപ്രായം സ്വരൂപിക്കുന്നതിന് വേണ്ടി എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ജനകീയ ചർച്ചകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂൾതലം മുതൽ ജില്ലാതലം വരെ സംഘാടകസമിതികൾ രൂപീകരിക്കുകയും ഫലപ്രദമായി ജനകീയ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ ചർച്ചകളുടെ കുറിപ്പുകൾ ക്രോഡീകരിച്ച് 26 ഫോക്കസ് ഗ്രൂപ്പുകളുടെയും ഭാഗമാക്കുകയും പൊസിഷൻ പേപ്പറുകളിൽ ഇവയുംകൂടി ചേർത്തുകൊണ്ട് പൂർത്തിയാക്കുന്നതായിരിക്കും ഇതുകൂടാതെ സംസ്ഥാനത്തെ മുഴുവൻ കുട്ടികളുടെയും അഭിപ്രായം |

| | | | |
|---|---|---|---|
| | | | അറിയുന്നതിനുവേണ്ടി കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക ചർച്ചയും സംഘടിപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ